# സംയോജനം—അതിലെന്താണ് കുഴപ്പം?

സി. ജെ. തോമസ്



സംയോജനം—അതിലെന്താണ് കുഴപ്പം?
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Lantern-Bearers, a painting by Maxfield Parrish (1870–1966). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സംയോജനം—അതിലെന്താണ് കുഴപ്പം?

തിരുവിതാംകൂർ-കൊച്ചി സംയോജനത്തെപ്പറ്റി വളരെയധികം പ്രതിഷേധങ്ങൾ രണ്ടു രാജ്യങ്ങളിൽനിന്നും ഉയരുന്നുണ്ട്. ഇത് ഒരു നല്ലകാര്യമാണെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാം. സ്വന്തം രാജ്യത്തിന്റെയും ഭരണകൂടത്തിന്റെയും ഭാഗധേയം നിർണ്ണയിക്കുന്നതിന് ജനങ്ങൾക്കുള്ള അവകാശവും ചുമതലയും പ്രത്യക്ഷപ്പെടുത്തുന്നതാണ് ഈ പ്രതിഷേധങ്ങളെങ്കിൽ അവയെ സമാദരിക്കേണ്ടതാണ്. എന്നാൽ, ഇന്നത്തെ പ്രതിഷേധങ്ങൾ എന്തെല്ലാമാണ് എന്നൊന്ന് പരിശോധിക്കുക.

ഈ സംയോജനകാര്യത്തിൽ ഒന്നാമതായി കുറ്റം വിധിക്കപ്പെടേണ്ട കാര്യം അതിന്റെ ഉത്ഭവത്തിന്റെ രീതിയും നടപടിയുമാണ്. പണ്ട് നളനും മറ്റും ചതുരംഗത്തിന് പന്തയമായി രാജ്യവും ഭാര്യയേയും എല്ലാം—കൊടുത്തെന്ന് പുരാണം പറയുന്നു. ഈ ചിന്താഗതി മാത്രമാണ് ആർഷസംസ്കാരത്തിന്റെ ഇന്നത്തെ അവകാശികൾക്കുള്ളത്. മദ്രാസിലും ദൽഹിയിലും വെച്ച് കുറെ സമ്മേളനങ്ങൾ നടത്തുക, ഇവിടെ രണ്ടു രാജ്യങ്ങൾ സംയോജിക്കും പാവകളിയിലെ ചരടുവലിയുടെ ഒരു പ്രതീതിയാണ് അതു നമ്മിൽ ഉദിപ്പിക്കുന്നത്. മലയാളികളെയെല്ലാം വെറും പാവകളും കന്നുകാലികളുമാക്കി ക്രയവിക്രയം ചെയ്യുന്ന ഏർപ്പാടിനെ ജനാധിപത്യമെന്ന് വിളിക്കാൻ മാത്രം ചങ്കൂറ്റമുള്ള നുണയനെ കണ്ടുകിട്ടാൻ പ്രയാസം. യൂറോപ്പിലെ ചില രാജ്യങ്ങൾ പങ്കിടാനും അവിടത്തെ കിരീടാധികാരം നിശ്ചയിക്കാനുംവേണ്ടി ഇംഗ്ലണ്ട് മുതലായ രാജ്യങ്ങൾ അനേകം യുദ്ധങ്ങൾ നടത്തിയിട്ടുണ്ട്. ആ സാമ്രാജ്യത്വത്തിന്റെ പാരമ്പര്യം നമുക്ക് ലഭിച്ചിരിക്കുന്നു. തെണ്ടിയുടെ കുറുമ്പ്, അല്ലാതെന്ത്, പോകട്ടെ. ഈ വിഷയത്തെപ്പറ്റി നാട്ടുകാർക്ക് സ്വന്തമായി ഒരഭിപ്രായമില്ലാതിരുന്നെങ്കിൽ ഡൽഹിയിലെ സംരക്ഷകന്മാരുടെ തീരുമാനം വിഴുങ്ങിയേക്കാമായിരുന്നു. പക്ഷേ, ഇവിടെയുള്ള സർക്കാർ രാഷ്ട്രീയ സംഘടനതന്നെ തൃശ്ശിവപേരൂരിലും ആലുവായിലും വെച്ച് വ്യക്തമായ തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണീ പ്രശ്നം. അതുതന്നെയും തന്നിഷ്ടമായിട്ടല്ല. അനേകം കോൺഗ്രസ്സ് സമ്മേളനങ്ങളിലെ പ്രമേയങ്ങളെ അടിസ്ഥാനമാക്കിത്തന്നെയാണ്. ആലുവയിലെ സമ്മേളനം കോൺഗ്രസ്സ് കാര്യദർശിയുടെ രക്ഷാധികാര്യത്തിൽത്തന്നെ നടന്നു. തൃശ്ശിവപേരൂരിലേതാണെങ്കിൽ ഒരു മഹാരാജാവുതന്നെ ഉദ്ഘാടനം ചെയ്തു. ഇതൊന്നും കുറെ തീവ്രവാദികൾ മദ്യപിച്ച് ചെയ്തവിക്രിയകളായി ആരും കരുതുകയില്ലല്ലോ. ചുരുക്കിപ്പറഞ്ഞാൽ ജനങ്ങളുടെ ഹിതത്തെ പുല്ലാക്കിത്തള്ളിക്കൊണ്ടുള്ള ഒരു പരിപാടിയാണ് സംയോജനം (അതായിരിക്കാം ശ്രീ. കേളപ്പൻ കമ്മിറ്റിയിൽ നിന്ന് രാജിവെച്ചതിനും കാരണം).

എന്തിനുവേണ്ടിയാണ് അധികാരിവർഗ്ഗം ഈ കടുംകൈ ചെയ്തതെന്നും ആലോചിക്കേണ്ടതാണ്. ജനങ്ങളുടെ ആവശ്യം ഒരു കേരള റിപ്പബ്ലിക്കാണ്, മലബാർ ഉൾപ്പെടെയുള്ളത്. ഇതനുവദിച്ചുകൊടുത്താൽ പിന്നെ തെലുങ്കരുടെ വാദം സ്വീകരിക്കേണ്ടിവരും. പിന്നെ കർണ്ണാടകം, മറാത്തി അങ്ങിനെ ഭാഷാപ്രവിശ്യകളെല്ലാം ഇതനുവദിച്ചുകൊടുക്കുന്നതിന് ഉന്നയിക്കപ്പെടുന്ന പ്രതിബന്ധം ഭരണപരമായ കാര്യങ്ങൾ മാത്രമാണ്. പക്ഷേ, ഫെഡറലും അല്ലാത്തതും ആയ ഭരണകൂടങ്ങളെപ്പറ്റി അറിയാവുന്നവർക്ക് ഈ കള്ളവാദത്തിന്റെ പിറകിൽ കാണാൻ കഴിയും, ഡൽഹിയിലെ അധികാരികൾക്ക് വേണ്ടത് സർവാധികാരവും തങ്ങൾക്കു ലഭിക്കുന്ന ഒരു ഭരണഘടനയാണെന്ന്. ജനങ്ങൾക്കാകട്ടെ, കേന്ദ്രീകരണത്തിന്റെ എതിരാണിഷ്ടം. അധികാരം രാഷ്ട്രത്തിന്റെ ചെറിയ ഘടകങ്ങളിലേക്ക് പകർന്നുകൊടുക്കുന്നതുകൊണ്ടുമാത്രമേ ജനങ്ങൾക്ക് പ്രയോജനമുള്ളൂ. ലോകത്തിലെ മറ്റ് ഫെഡറൽ ഭരണഘടനകളിൽ ഈ തത്ത്വം ഒട്ടൊക്കെ ആംഗീകരിച്ചിട്ടുണ്ട്. കൂടിയേ കഴിയൂ എന്നുള്ള കാര്യങ്ങളിൽ മാത്രമേ കേന്ദ്രത്തിന് അധികാരമുണ്ടായിരിക്കാവൂ, എന്നാൽ, ഇന്ത്യൻ പാർലിമെന്റിലെ പ്രസ്താവനകൾകൊണ്ട് നമുക്ക് വിശദമായിട്ടുണ്ട്, സർവാധികാരവും കിട്ടിയേ നമ്മുടെ യജമാനന്മാർ അടങ്ങൂ എന്ന്. ഈ ലക്ഷ്യത്തെ സഹായിക്കുവാൻ വേണ്ടി സംസ്ഥാനങ്ങളെ ബലഹീനമാക്കുക എന്ന നയമാണവർ സ്വീകരിക്കുന്നത്. മദ്രാസ് സംസ്ഥാനത്തിൽ തമിഴനെയും തെലുങ്കനെയും മലയാളിയെയും കർണ്ണാടകക്കാരനെയും കൂട്ടിത്തല്ലിച്ച്, കുരങ്ങ് അപ്പം പങ്കിട്ടതുപോലെ ന്യായാധിപതിയാവുകയാണ് ദൽഹിയുടെ ആവശ്യം. അതുതന്നെ മറ്റു സംസ്ഥാനങ്ങളുടെ കഥയും. ചുരുക്കി പറഞ്ഞാൽ, ഈ സംയോജനപ്രസ്ഥാനം തിരുവിതാംകൂർ-കൊച്ചി രാജ്യങ്ങളെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. അതൊരു അഖിലേന്ത്യാപ്രശ്നമാണ്. ജനാധിപത്യത്തെ നശിപ്പിച്ച് ഏകാധിപത്യത്തെ ബലമായി സ്ഥാപിക്കുന്നതിനുള്ള കളമൊരുക്കലാണ്. ഇന്നുതന്നെ ഇന്ത്യയിൽ നിലവിലുള്ള സാംസ്കാരിക ഫാസിസത്തിന്റെ ആദ്യത്തെ രാഷ്ട്രീയവിജയമാണ്.

പക്ഷേ, നിർഭാഗ്യം, അധികാരിവർഗ്ഗം ഈ പരിപാടികൾ അംഗീകരിച്ചുവെന്നതല്ല. ജനകീയവിരുദ്ധമായ നടപടികൾ അംഗീകരിക്കുന്നത് അധികാരികളുടെ സഹജസ്വഭാവമാണ്. ഇതിനെ ജനങ്ങൾ മനസ്സിലാക്കുന്നില്ലെന്നതാണ് കഷ്ടം. ജനങ്ങൾ കുറെ കാര്യങ്ങൾ പറയുന്നതുകൊണ്ടുമാത്രം ജനാധിപത്യമുണ്ടാകയില്ല. പറയുന്നതാരാണെന്ന പ്രശ്നത്തെക്കാൾ പ്രധാനപ്പെട്ടതാണ് എന്താണ് പറയുന്നതെന്ന്. മേൽപറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ പ്രതിഷേധിച്ചിരുന്നെങ്കിൽ കുറച്ച് ഫലമെങ്കിലും ഉണ്ടാകുമായിരുന്നു. നേരെമറിച്ച് ഇന്ന് നിലവിലുള്ള എതിർപ്പുകൾ എന്തെല്ലാമാണെന്ന് നോക്കുക.

1. തിരുവിതാംകൂർകാർ തെമ്മാടികളാണ്. അതുകൊണ്ട് സംയോജനം ചീത്തയാണ്. (തൃശ്ശൂർ പ്രസംഗങ്ങൾ?)
2. കൊച്ചിക്കാർ തെമ്മാടികളാണ്. അതുകൊണ്ട് ടി. (തിരുവനന്തപുരം പ്രസംഗങ്ങൾ)
3. സംയോജനം കഴിഞ്ഞാൽ കൊച്ചിയ്ക്ക് ...0000ക. നഷ്ടംവരും. (തൃശ്ശൂർ)
4. ടി. കഴിഞ്ഞാൽ ...00000ക. തിരുവിതാംകൂറിന് നഷ്ടംവരും. (തിരുവനന്തപുരം)
5. എറണാകുളത്ത് പന്തുകളിക്കാൻ സ്ഥലമില്ല. (തിരുവനന്തപുരം)
6. തിരുവനന്തപുരത്ത് വെടിക്കെട്ട് മോശമാണ്. (എറണാകുളം)

ഇത്തരം കുറെ ബാലിശമായ വാദങ്ങൾ മാത്രമാണ് ഇന്ന് കേൾക്കപ്പെടുന്നത്. കൊച്ചിയിലെ രാജകുടുംബത്തിന്റെ തണൽ പറ്റി നിന്ന് കുറെ കുത്തകയവകാശങ്ങൾ അനുഭവിക്കുന്ന ചിലരും തിരുവിതാംകൂറിലെ കോൺഗ്രസ്സിൽ പറ്റിക്കൂടി ജനങ്ങളുടെ രക്തം ഊറ്റുന്ന ചിലരും മാത്രമാണ് പ്രതിഷേധിക്കുന്നതെന്നർത്ഥം. ഉദാഹരണമായി രണ്ടു രാജ്യത്തെയും ജനങ്ങളെ തമ്മിൽ അകറ്റാൻ മാത്രം ഉപകരിക്കുന്ന ഇത്തരം കുപ്രചരണം നടത്തുന്നവരും തിരുവനന്തപുരത്തെയും എറണാകുളത്തെയും ഭ്രുവുടമസ്ഥന്മാരുടെ താല്പര്യവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഒന്നന്വേഷിച്ചുനോക്കണം. ധനികനായ ജാരനുവേണ്ടി രണ്ട് വേശ്യകൾ നടത്തുന്ന വഴക്കാണ് ഇന്ന് നടക്കുന്നതെന്ന് കാണാം.

ജയകേരളം, 28 മെയ് 1949.

□

## സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെട്ടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014